തകർന്ന് തരിപ്പണമായ
ധർമ്മശാല - കണ്ണപുരം റോഡിന്റെ ശോചനീയാവസ്ഥക്കെതിരെ
ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ നേതൃത്വത്തിൽ

കണ്ണപുരം- ധർമ്മശാല റോഡിന്റെ ശോച്യാവസ്ഥ പരിഹരിക്കണമെന്നാവശ്യപ്പെട്ട് കോൺഗ്രസ് ആന്തൂർ, കണ്ണപുരം, കല്യാശേരി മണ്ഡലം കമ്മിറ്റികളുടെ നേതൃത്വത്തിൽ നടന്ന ദുരിത മോചന പദയാത്ര ഡി.സി.സി പ്രസിഡണ്ട് സതീശൻ പാച്ചേനി ധർമ്മശാലയിൽ ഉദ്ഘാടനം ചെയ്യുന്നു.

ധർമ്മശാല – കണ്ണപുരം റോഡ് തകർച്ച; പ്രതിഷേധമിരമ്പി കോൺഗ്രസ് പദയാത്ര

ധർമ്മശാല: തങ്ങളുടെ ആധിപത്യമുള്ള പ്രദേശങ്ങളിൽ വികസനം സ്വപ്നങ്ങളിൽ മാത്രമാണെന്ന് തെളിയിക്കുന്ന സി.പി.എം സമീപനം ജനം തിരിച്ചറിഞ്ഞുവെന്ന് ഡി.സി.സി പ്രസിഡണ്ട് സതീശൻ പാച്ചേനി. ധർമ്മശാല- കണ്ണപുരം റോഡിന്റെ ശോചനീയാവസ്ഥക്ക് പരിഹാരം കാണാൻ അലംഭാവം തുടർന്നാൽ ഡി.സി.സി സമരം ഏറ്റെടുത്തു ജനങ്ങളെ അണിനിരത്തുമെന്നും അദേഹം പറഞ്ഞു. തകർന്ന് തരിപ്പണമായ ധർമ്മശാല- കണ്ണപുരം റോഡിന്റെ ശോചനീയാവസ്ഥ പരിഹരിക്കണമെന്നാവശ്യപ്പെട്ട് ധർമ്മശാലയിൽ നിന്നും കണ്ണപുരത്തേക്ക് നടത്തിയ ദുരിത മോചന പദയാത്ര ധർമ്മശാലയിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദേഹം. പദയാത്രയിൽ നൂറുകണക്കിനാളുകൾ പങ്കെടുത്തു.

കല്യാശേരി, കണ്ണപുരം, ആന്തൂർ മണ്ഡലം കമ്മിറ്റികളുടെ നേതൃത്വത്തിലാണ് പദയാത്ര. കല്യാശേരി ബ്ലോക്ക് കോൺഗ്രസ് പ്രസിഡണ്ട് കാപ്പാടൻ ശശിധരൻ അധ്യക്ഷത വഹിച്ചു. ഡി.സി.സി ജനറൽ സെക്രട്ടറിമാരായ ടി. ജനാർദനൻ, രാജീവൻ കപ്പച്ചേരി, രാജീവൻ എളയാവൂർ, രഘു രാമൻ കീഴറ, ജാഥാലീഡർമാരായ മണ്ഡലം പ്രസിഡണ്ടുമാർ കൂനത്തറ മോഹനൻ, രാജേഷ് പാലങ്ങാട്ട്, എ.എൻ. ആന്തൂരാൻ, തളിപ്പറമ്പ ബ്ലോക്ക് പ്രസിഡണ്ട് പി.എം. പ്രേംകുമാർ, മുള്ളിക്കൽ ഗോപാലൻ, ഷമീർ പള്ളിപ്രം, ബ്ലോക്ക് ഭാരവാഹികളായ പി.ഐ. ശ്രീധരൻ, വൽസൻ ഇരിണാവ്, പി.വി. ധനഞ്ജയൻ, പി.വി. വേണുഗോപാൽ, എം. നാരായണൻ, സി.ടി. അമീറലി, പി.എൽ. ബേബി, ടി.എൻ. ഉണ്ണികൃഷ്ണൻ, സി. അമ്പ്രോസ്, തോട്ടത്തിൽ ചന്ദ്രൻ, ടി.വി. സുരേഷ്, ദേവൻ കപ്പച്ചേരി പ്രസംഗിച്ചു. പദയാത്രക്ക് ഒഴക്രോം, അഞ്ചാംപീടിക, പാളിയത്ത് വളപ്പ്, മൊട്ടമ്മൽ എന്നിവിടങ്ങളിൽ സ്വീകരണം നൽകി. കണ്ണപുരത്ത് നടന്ന യാത്രയുടെ സമാപനം ഡി.സി.സി ജനറൽ സെക്രട്ടറി രാജീവൻ എളയാവൂർ ഉദ്ഘാടനം ചെയ്തു. എൻ.എ.എൻ. ആന്തൂരാൻ അധ്യക്ഷത വഹിച്ചു. ഗോപാലൻ, കെ.പി. ആദൻകുട്ടി, പി. കേളു, പി.കെ. ശ്രീകുമാർ, പി. ഗണേശൻ, കെ.കെ. ജോൺ, ഷാജി കാവുങ്കൽ, പി. അബൂബക്കർ, കെ.പി. റാഷിദ് പ്രസംഗിച്ചു.

ഇന്ദിരാഗാന്ധി ജന്മശതാബ്ദി
കോൺഗ്രസ് കുടുംബ
സംഗമം
PEEVEE

അമ്മാനപ്പാറ ബൂത്ത് കോൺഗ്രസ് കുടുംബസംഗമം ഡി.സി.സി പ്രസിഡണ്ട് സതീശൻ പാച്ചേനി ഉദ്ഘാടനം ചെയ്യുന്നു.

അമ്മാനപ്പാറ ബൂത്ത് കോൺഗ്രസ് കുടുംബസംഗമം

പരിയാരം: കോൺഗ്രസ് അമ്മാനപ്പാറ ബൂത്ത് കോൺഗ്രസ് കമ്മിറ്റി സംഘടിപ്പിച്ച കുടുംബസംഗമം ഡി.സി.സി പ്രസിഡണ്ട് സതീശൻ പാച്ചേനി ഉദ്ഘാടനം ചെയ്തു. ബൂത്ത് പ്രസിഡണ്ട് വി.കെ.ശ്രീനിവാസൻ അധ്യക്ഷത വഹിച്ചു. ഉന്നത വിജയികൾക്ക് മൊമെന്റോയും നൽകി. ആദ്യകാല കോൺഗ്രസ് പ്രവർത്തകരെ അർബൻ ബാങ്ക് ചെയർമാൻ സി.ശിവശങ്കരൻ മാസ്റ്റർ പൊന്നാടയണിയിച്ച് ആദരിച്ചു. ഡി.സി.സി ജനറൽ സെക്രട്ടറിമാരായ ടി.ജനാർദ്ദനൻ, ഇ.ടി.രാജീവൻ, മനോജ് കൂവേരി, ബ്ലോക്ക് കോൺഗ്രസ് പ്രസിഡണ്ട് പി.എം.പ്രേംകുമാർ, വി.ജാനകി. പി.സുഖദേവൻ മാസ്റ്റർ, കെ.രാമകൃഷ്ണൻ, പി.രാജീവൻ, പി.നാരായണൻ, സുരേശൻ പാച്ചേനി, വി.വി.രാജൻ, വി.വി.സി.ബാലൻ, സൗമിനി നാരായണൻ പ്രസംഗിച്ചു. ഇ.ടി.ഹരീഷ് സ്വാഗതവും എൻ.പത്രോസ് നന്ദിയും പറഞ്ഞു.

സി.പി.എം കാർത്തികപുരം ലോക്കൽ സമ്മേളനം 15ന്

ആലക്കോട്: സി.പി.എം കാർത്തികപുരം ലോക്കൽ സമ്മേളനം 15ന് കാർത്തികപുരത്ത് നടക്കും. പ്രതിനിധി സമ്മേളനം കർഷക സംഘം നേതാവ് പി.പി. ദാമോദരൻ മാസ്റ്റർ ഉദ്ഘാടനം ചെയ്തു.

നാഗപ്രതിഷ്ഠ നവീകരണം

ആന്തൂർ: ആന്തൂർ ശ്രീ വേട്ടക്കൊരുമകൻ ക്ഷേത്രത്തിലെ നാഗസ്ഥാനത്ത് നാഗപ്രതിഷ്ഠ നവീകരണം 27ന് നടക്കും. പി.എസ്.ശ്രീധരൻ നമ്പൂതിരിപ്പാടിന്റെ മുഖ്യകാർമ്മികത്വത്തിൽ നൂറും പാലും, മഹാസമർപ്പണബലിയും നടത്തും.

റബർ സംസ്കരണ ക്ലാസ്

തളിപ്പറമ്പ: പ്രധാനമന്ത്രി കൗശൽ വികാസ് യോജന (പി.എം.കെ.വി.വൈ) പദ്ധതി പ്രകാരം റബർ കറ സംസ്കരണ പരിപാടി സംഘടിപ്പിച്ചു. തളിപ്പറമ്പ റബർ ബോർഡിന്റെ കീഴിൽ പന്നിയൂർ ആർ.പി.എസിന്റെ നേതൃത്വത്തിലാണ് ടാപ്പർമാർക്ക് മൂന്ന് ദിവസത്തെ ക്ലാസ് സംഘടിപ്പിച്ചത്. റബർ ബോർഡ് ഓഫീസർ പി.കെ.രഘുനാഥ് ഉദ്ഘാടനം ചെയതു. കെ.മുഹമ്മദലി ഹാജി അധ്യക്ഷനായി. കെ.ടി.രാജു, പ്രഭ പുത്തൻപുരയിൽ എന്നിവർ ക്ലാസുകൾക്ക് നേതൃത്വം നൽകി. കെ.പി.നാരായണൻ സ്വാഗതവും ഇ.വി.പവിത്രൻ നന്ദിയും പറഞ്ഞു.

പെൻഷൻകാർക്ക് സൗജന്യ ചികിത്സാ പദ്ധതി നടപ്പിലാക്കണം

തളിപ്പറമ്പ: സംസ്ഥാന സർവ്വീസ് പെൻഷൻകാർക്ക് സൗജന്യ ചികിത്സാ ഇൻഷൂറൻസ് പദ്ധതി സർക്കാരിന്റെ വിഹിതം കൂടി പ്രീമിയമായി നൽകി കൊണ്ട് അടിയന്തരമായി നടപ്പിലാക്കണമെന്ന് കേരള സ്റ്റേറ്റ് സർവീസ് പെൻഷനേഴ്സ് അസോസിയേഷൻ ആന്തൂർ മണ്ഡലം സമ്മേളനം ആവശ്യപ്പെട്ടു. തളിപ്പറമ്പ് ബ്ലോക്ക് കോൺഗ്രസ് പ്രസിഡണ്ട് പി.എം. പ്രേംകുമാർ ഉദ്ഘാടനം ചെയ്തു. കെ.പി.ആദംകുട്ടി അധ്യക്ഷത വഹിച്ചു.

ആന്തൂർ മണ്ഡലം കോൺഗ്രസ് പ്രസിഡണ്ട് എ.എൻ. ആന്തൂരാൻ, കെ.എസ്.എസ്.പി.എ ജില്ലാ പ്രസിഡണ്ട് കെ.രാമകൃഷ്ണൻ, ബ്ലോക്ക് പ്രസിഡണ്ട് സി.എൽ.ജേക്കബ്, ബ്ലോക്ക് സെക്രട്ടറി എ.ശശിധരൻ പ്രസംഗിച്ചു. കെ.സഹദേവൻ മാസ്റ്റർ സ്വാഗതവും എം.ചന്ദ്രൻ നന്ദിയും പറഞ്ഞു. ഭാരവാഹികളായി കെ.പി.ആദംകുട്ടി (പ്രസിഡണ്ട്), കെ.ദിവാകരൻ മാസ്റ്റർ (വൈസ് പ്രസിഡണ്ട്), കെ.എസ്.ശെൽവരാജ് (സെക്രട്ടറി), ജെ.എസ്.ജെയിൻ (ജോ.സെക്രട്ടറി), എം.ചന്ദ്രൻ (ട്രഷറർ) എന്നിവരെ തെരഞ്ഞെടുത്തു.

വ്യാപാരി വ്യവസായി ധർണ്ണ 12ന്

കണ്ണൂർ: വ്യാപാരി വ്യവസായി സമിതി കണ്ണൂർ ജില്ലാ കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ 12ന് രാവിലെ പത്തിന് കണ്ണൂർ ഹെഡ് പോസ്റ്റോഫീസ് ധർണ്ണ നടത്തും. കെ.കെ.രാഗേഷ് എം.പി ഉദ്ഘാടനം ചെയ്യും.

തൊഴിൽമാന്യതയ്ക്ക് അംഗീകാരം
റബ്ബർ ബോർഡ്

പന്നിയൂർ ആർ.പി.എസിന്റെ നേതൃത്വത്തിൽ നടന്ന റബർ സംസ്കരണ ക്ലാസ് പി.കെ. രഘുനാഥ് ഉദ്ഘാടനം ചെയ്യുന്നു

ഓഫീസ് ആവശ്യത്തിന് വീട് വാടകയ്ക്ക്

മെയിൻ റോഡിൽ
മൊയ്തീൻ പള്ളിക്ക് സമീപം
ഓഫീസിന് അനുയോജ്യമായ
വീട് വാടകയ്ക്ക്.
ബന്ധപ്പെടുക:

9995688626

മാർക്കറ്റിംഗ് എക്സിക്യൂട്ടീവിനെ ആവശ്യമുണ്ട്

തളിപ്പറമ്പ് മേഖലയിൽ പരിചയ സമ്പന്നരായ മാർക്കറ്റിംഗ് എക്സിക്യൂട്ടീവിനെ ആവശ്യമുണ്ട്.

Mob: 9747987234

വീട് വാടകയ്ക്ക്

തളിപ്പറമ്പ് കീഴാറ്റൂർ – മാന്ധംകുണ്ട് സ്കൂളിന് സമീപം ഒന്നാം നിലയിൽ എല്ലാ സൗകര്യവുമുള്ള 2 ബെഡ്റൂം വീട് വാടകയ്ക്ക്.
(ഫാമിലി/ലേഡീസ്)

Mob: 8547131820

സാമ്രാജ്യത്ത മൂലധനത്തിന്റെ സേവകരാണ് ഇന്ത്യൻ ഫാസിസ്റ്റുകളെന്ന്

അഞ്ചരക്കണ്ടി: സാമ്രാജ്യത്ത മൂലധനത്തിന്റെ സുഗമമായ ഒഴുക്കിന് ബ്രാഹ്മണ പ്രത്യയശാസ്ത്രത്തെ ഉപയോഗിക്കുകയാണ് ഇന്ത്യൻ ഫാസിസ്റ്റുകളെന്ന് 'മക്തബ്' പത്രാധിപർ കെ. സുനിൽകുമാർ പറഞ്ഞു. ഗൗരി ലങ്കേഷ് വധത്തിൽ പ്രതിഷേധിച്ച് പാതിരിയാട് പാല ബസാറിൽ സംഘടിപ്പിച്ച സാംസ്കാരിക കൂട്ടായ്മയിൽ സംസാരിക്കുകയായിരുന്നു അദേഹം. മനുസ്മൃതിയെ അടിസ്ഥാനമാക്കിയുള്ള മനുഷ്യ സങ്കൽപ്പമാണ് ബ്രാഹ്മണ മതത്തിന്റേത്. അതിനാൽ അതിന്റെ ആശയശാസ്ത്രത്തെ ആക്രമിക്കാതെ ഇന്ത്യയെ ജനാധിപത്യവൽക്കരിക്കാൻ കഴിയുകയില്ല. ഈ ആശയശാസ്ത്രത്തിന് എതിരെ ശക്തമായ മുന്നേറ്റങ്ങൾ ഇന്ത്യയിലെ സർവ്വകലാശാലകളിൽ നടക്കുന്നുണ്ട്. അതാണ് ഇന്ത്യൻ ജനാധിപത്യത്തെ കുറിച്ചുള്ള പ്രതീക്ഷയെന്നും സുനിൽകുമാർ പറഞ്ഞു.

പ്രേമൻ പാതിരിയാട് അധ്യക്ഷത വഹിച്ചു. അഡ്വ. കസ്തൂരിദേവൻ, എ.ഐ. വൈ.എഫ് ജില്ലാ സെക്രട്ടറി കെ.വി. രജീഷ്, മജീദ് (സി.പി.ഐ) സംസാരിച്ചു. കുഞ്ഞികൃഷ്ണൻ സ്വാഗതം പറഞ്ഞു.

സാംസ്കാരിക കൂട്ടായ്മ
പാലബസാറിൽ

ഗൗരി ലങ്കേഷ് വധത്തിൽ പ്രതിഷേധിച്ച് പാതിരിയാട് പാല ബസാറിൽ സംഘടിപ്പിച്ച സാംസ്കാരിക കൂട്ടായ്മയിൽ കെ. സുനിൽകുമാർ പ്രസംഗിക്കുന്നു.

ആർ.എസ്.എസ് ജനാധിപത്യത്തിനും പരിഷ്കൃത സമൂഹത്തിനും ഭീഷണി: സി.പി.ഐ

കണ്ണൂർ: സി.പി.ഐ തലശേരി എടത്തിലമ്പലം ബ്രാഞ്ച് സമ്മേളനം അലങ്കോലപ്പെടുത്താൻ ശ്രമിച്ച സംഭവം ആർ.എസ്.എസിന്റെ ഫാസിസ്റ്റ് രീതിയുടെയും അസഹിഷ്ണുതയുടെയും ഏറ്റവും ഒടുവിലത്തെ ഉദാഹരണമാണെന്ന് സി.പി.ഐ ജില്ലാ സെക്രട്ടറി അഡ്വ. പി. സന്തോഷ്കുമാർ പ്രസ്താവിച്ചു. ആർ.എസ്.എസ്. ജനാധിപത്യത്തിനും പരിഷ്കൃത സമൂഹത്തിനും ഭീഷണിയാണെന്ന് വീണ്ടും തെളിയിക്കപ്പെടുകയാണ്. സംഭവത്തിൽ മുഴുവൻ ജനാധിപത്യ വിശ്വാസികളോടും ശക്തമായ പ്രതിഷേധം രേഖപ്പെടുത്തുമെന്നും കുറ്റക്കാർക്കെതിരെ കർശനമായ നടപടികൾ പോലീസിന്റെ ഭാഗത്ത് നിന്നുണ്ടാകുമെന്നും അഡ്വ. പി. സന്തോഷ്കുമാർ ആവശ്യപ്പെട്ടു.

വിദ്യാലയത്തിനടുത്ത് മദ്യഷാപ്പുകൾ
തുറക്കാനുള്ള ഇടത് സർക്കാർ നീക്കം
ഉപേക്ഷിക്കുക
KPSTA
തളിപ്പറമ്പ നോർത്ത് ഉപജില്ല കമ്മറ്റി

വിദ്യാലയത്തിനടുത്ത് മദ്യഷാപ്പുകൾ തുറക്കാനുള്ള സർക്കാർ നീക്കം ഉപേക്ഷിക്കണമെന്ന് അഭ്യർത്ഥിച്ച് മുഖ്യമന്ത്രിക്ക് ഒരു ലക്ഷം കത്തയക്കലിന്റെ കെ.പി.എസ്.ടി.എ തളിപ്പറമ്പ നോർത്ത് ഉപജില്ലയിലെ ഉദ്ഘാടനം പി. ഗോവിന്ദൻ നിർവഹിക്കുന്നു.

ഷോപ്രിക്സ് ഓണം – ബക്രീദ് ഫെസ്റ്റ്; സമ്മാനദാനം നടത്തി

തളിപ്പറമ്പ: ഓണം-ബക്രീദ് ഫെസ്റ്റിവലിനോടനുബന്ധിച്ച് ഷോപ്രിക്സിൽ നിന്ന് പർച്ചേഴ്സ് ചെയ്യുന്നവർക്കായി ഒരുക്കിയ നറുക്കെടുപ്പിലെ വിജയികൾക്ക് സമ്മാനദാനം നടത്തി. 5 മാസ്റ്ററോ സ്കൂട്ടറുകൾ, 50 സ്വർണ്ണ നാണയങ്ങൾ, 25 നോൺസ്റ്റിക് സെറ്റ്, 100 ചുരിദാറുകൾ അടക്കം നിരവധി വമ്പൻ ഓഫറുകളാണ് പർച്ചേഴ്സ് ചെയ്യുന്നവർക്കായി ഷോപ്രിക്സ് ഒരുക്കിയിരുന്നത്. സ്വർണ്ണനാണയങ്ങളടക്കം സമ്മാനമായി പ്രഖ്യാപിച്ചിരുന്ന ഒന്നാംഘട്ട നറുക്കെടുപ്പിലെ വിജയികൾക്കുള്ള സമ്മാനദാനം പ്രസ് ഫോറം പ്രസിഡണ്ട് എം.കെ.മനോഹരൻ, നഗരസഭ ചെയർമാൻ അള്ളാംകുളം മഹമൂദ് എന്നിവർ ചേർന്ന് നിർവഹിച്ചു. അഞ്ച് ഹീറോ മാസ്റ്ററോ സ്കൂട്ടറുകൾ സമ്മാനമായുള്ള ഷോപ്രിക്സിന്റെ ബമ്പർ നറുക്കെടുപ്പ് ജനുവരിയിലാണ്. മുഹമ്മദ് മദനി, അനീസ്, ഗഫൂർ ഹാജി എന്നിവരും സമ്മാനദാന ചടങ്ങിൽ സന്നിഹിതരായിരുന്നു.

ഷോപ്രിക്സിൽ ഓണം-ബക്രീദ് ഫെസ്റ്റ് വിജയികൾക്ക് നഗരസഭ ചെയർമാൻ അള്ളാംകുളം മഹമ്മൂദ് സമ്മാനങ്ങൾ നൽകുന്നു.

നിരാലംബർക്ക് കാരുണ്യത്തിന്റെ പട്ടു കുപ്പായം നൽകി യുവജന കൂട്ടായ്മ മാതൃകയായി

ആലക്കോട്: അഗതി മന്ദിരങ്ങളിലും മറ്റും കഴിയുന്ന നിരാലംബർക്ക് വസ്ത്രങ്ങൾ എത്തിച്ചു നൽകി യുവജന കൂട്ടായ്മ മാതൃകയായി. കെ.സി.വൈ.എം ആലക്കോട് യൂണിറ്റ് ആഭിമുഖ്യത്തിലാണ് ഇടവകയിൽ നിന്നായി വസ്ത്രങ്ങൾ ശേഖരിച്ച് കാരുണ്യ വഴിയിൽ വേറിട്ട പാത തെളിച്ച് 'പട്ടു കുപ്പായം' എന്ന പദ്ധതിയുടെ ഭാഗമായി ഇടവകയിലെ വീടുകളിൽ നിന്നായി ഉപയോഗിക്കാൻ കഴിയുന്ന വസ്ത്രങ്ങൾ ശേഖരിച്ച് നിരാലംബർക്ക് എത്തിച്ച് നൽകിയത്. കരുണാപുരം കാരുണ്യഭവൻ, പട്ടുവം, മുതലപ്പാറ, ബാലേശുഗിരി, ആശാൻകവല, താബോർ, പുളിങ്ങോം, ഉമ്മറപ്പൊയിൽ എന്നിവിടങ്ങളിലെ അഗതി മന്ദിരങ്ങളിലെത്തിച്ചാണ് വസ്ത്രങ്ങൾ നൽകിയത്. കാരുണ്യ ഭവനിൽ ആലക്കോട് സെന്റ് മേരീസ് ഫൊറോന വികാരി ഫാ. ആന്റണി ആനക്കല്ലിൽ പട്ടുകുപ്പായം വിതരണം ഉദ്ഘാടനം ചെയ്തു. കാരുണ്യഭവൻ മദർ സുപ്പീരിയർ സിസ്റ്റർ അലക്സ് ഏറ്റുവാങ്ങി. ആലക്കോട് അസി. വികാരി ഫാ. ടോമി നടുവിലേക്കുറ്റ്, കെ.സി.വൈ.എം ആനിമേറ്റർമാരായ ഷിജോ പുളിക്കൽ, ജിമ്മി തണ്ണിപ്പാറ, എൽവിൻ മുക്കാട്ട് നേതൃത്വം നൽകി. ആശുപത്രികളിൽ ചികിത്സയിൽ കഴിയുന്ന പാവപ്പെട്ടവർക്ക് ഭക്ഷണം സൗജന്യമായി നൽകുന്ന 'അപ്പൂപ്പൻ താടി' പദ്ധതിക്ക് പിന്നാലെയാണ്, ജോലിയുടെയും പഠനത്തിന്റെയും ഏറെ തിരക്കുകൾക്കിടെയിലും യുവജന കൂട്ടായ്മ പട്ടുകുപ്പായം പദ്ധതി ആവിഷ്ക്കരിച്ചിരിക്കുന്നത്. ആലക്കോട് ഇടവകയിലെ കാരുണ്യമതികളുടെ സഹായത്തോടെ രണ്ട് പദ്ധതികളും തുടരാനാണ് ലക്ഷ്യമെന്ന് കെ.സി. വൈ.എം ഡയറക്ടർ ഫാ.ടോമി നടുവിലേക്കുറ്റ് അറിയിച്ചു.

കെ.സി.വൈ.എം ആലക്കോട് യൂണിറ്റിന്റെ പട്ടു കുപ്പായം പദ്ധതി കരുണാപുരം കാരുണ്യഭവനിൽ ഫാ.ആന്റണി ആനക്കല്ലിൽ ഉദ്ഘാടനം ചെയ്യുന്നു

എന്തൊരു ശല്യം, ഈ പുകവലിക്കാരെക്കൊണ്ട്

തളിപ്പറമ്പ: സർസയ്യിദ് കോളേജ് റോഡിൽ പഴയ തപാൽ ഓഫീസിന് സമീപം കടകളും സ്ഥാപനങ്ങളും നടത്തുന്നവർ പുകവലിക്കാരെ കൊണ്ടു വലഞ്ഞു. പഴയ തപാൽ ഓഫീസിന് പിറകിലെ സ്ഥാപനങ്ങളുടെ പരിസരമാണ് പുകവലിക്കാരുടെ കേന്ദ്രം. വിദ്യാർത്ഥികളാണ് ഏറെയും ഇവിടെ തമ്പടിച്ച് പുകവലിക്കുന്നത്. സ്ഥാപനങ്ങളിൽ എത്തുന്നവർക്ക് പുകവലി ശല്യം സഹിക്കവയ്യാതായതോടെ പലതവണ അവിടെ നിന്ന് മാറിപോകാൻ ആവശ്യപ്പെട്ടെങ്കിലും അതൊക്കെ ബധിര കർണ്ണങ്ങളിൽ പതിച്ച അവസ്ഥയാണ്. നിയമപാലകരുടെ ശ്രദ്ധ ഇവിടെ പതിയണമെന്ന് സ്ഥാപനം നടത്തിപ്പുകാർ ആഗ്രഹിക്കുന്നു.

റേഷൻ കാർഡ് ഹിയറിംഗ്

തളിപ്പറമ്പ: റേഷൻ കാർഡ് അന്തിമ മുൻഗണന പട്ടികയിൽ ഉൾപ്പെടാതെ പോയവർ തളിപ്പറമ്പ താലൂക്ക് സപ്ലൈ ഓഫീസിലും കണ്ണൂർ ജില്ലാ സപ്ലൈ ഓഫീസിലും ജില്ലാ കലക്ടർക്കും പരാതി സമർപ്പിച്ചവർക്കുള്ള ഹിയറിംഗ് ആരംഭിച്ചു. പരാതി സമർപ്പിച്ചവർ തങ്ങൾക്ക് ലഭിച്ച ടോക്കൺ രശീത്, റേഷൻ കാർഡ് പഴയതും പുതിയതും അവകാശവാദം തെളിയിക്കുന്നതിന് കൂടുതൽ രേഖകളുണ്ടെങ്കിൽ അവയുമായി ഹിയറിംഗ് ക്യാമ്പിലെത്തണം. രാവിലെ 10 മുതൽ വൈകീട്ട് 4 വരെയാണ് ഹിയറിംഗ്. നാളെ റേഷൻ കട നമ്പർ 79 ലുള്ളവർക്കുള്ള ഹിയറിംഗിന് കരുവഞ്ചാൽ റേഷൻ കടയിൽ എത്തണം. 40,39 (പഞ്ചായത്ത് ഹാൾ, പെരിങ്ങോം, വയക്കര), 75, 76 (ചപ്പാരപ്പടവ് പഞ്ചായത്ത് ഹാൾ), 132 (പുന്നക്കടവ് റേഷൻ കട പരിസരം), 129, 130, 131, 247 (കുറ്റ്യാട്ടൂർ പഞ്ചായത്ത് ഹാൾ), 12ന് ഹിയറിംഗ് ഉള്ളവർ റേഷൻ കട 104, 263 (കാവുമ്പായി രക്തസാക്ഷി മന്ദിരം, ഐച്ചേരി), 208, 35, 231 (പഞ്ചായത്ത് ഹാൾ, കാങ്കോൽ ആലപ്പടമ്പ), 3 (രാമന്തളി റേഷൻ കട പരിസരം), 133, 134, 142, 143, 144 (കൊളച്ചേരി പഞ്ചായത്ത് ഹാൾ). 13ന് ഹിയറിംഗ് ഉള്ളവർ റേഷൻ കട 177, 170 (താലൂക്ക് സപ്ലൈ ഓഫീസ്, തളിപ്പറമ്പ), 163, 164, 165, 166 (ആന്തൂർ മുനിസിപ്പാലിറ്റി), 4 (രാമന്തളി റേഷൻ കട പരിസരം), 100, 230 (ചെമ്പന്തൊട്ടി പൊതുജന വായനശാല) എന്നിവിടങ്ങളിലും ഹാജരാകണം.

പ്രാദേശിക കലാപരിപാടികൾക്ക് അപേക്ഷ ക്ഷണിച്ചു

ആലക്കോട്: 2018 ജനുവരി 22 മുതൽ 29 വരെ നടക്കുന്ന അരങ്ങം മഹാദേവ ക്ഷേത്രത്തിലെ കൊടിയേറ്റ മഹോത്സവത്തോടനുബന്ധിച്ച് പ്രാദേശിക കലാപരിപാടികൾ അവതരിപ്പിക്കുന്നതിന് അപേക്ഷകൾ ക്ഷണിച്ചതായി ഉത്സവാഘോഷ കമ്മിറ്റി അറിയിച്ചു. ഒക്ടോബർ 25നുള്ളിൽ ദേവസ്വം ഓഫീസിൽ അപേക്ഷകൾ നൽകണം. ഫോൺ: 04602255271.

കത്തയക്കൽ സമരം

തളിപ്പറമ്പ: വിദ്യാലയ പരിസരത്ത് നിന്ന് മദ്യഷാപ്പിന്റെ ദൂരപരിധി കുറച്ച സർക്കാർ നടപടിക്കെതിരെ കെ.പി.എസ്.ടി.എ ഒരു ലക്ഷം കത്തയച്ച് പ്രതിഷേധിക്കുന്നു. ഇതിന്റെ ഭാഗമായി തളിപ്പറമ്പ നോർത്ത് സബ് ജില്ലാ കമ്മിറ്റിയുടെ നേതൃത്വത്തിൽ നടന്ന കത്തയക്കൽ സമരം പി.ഗോവിന്ദൻ ഉദ്ഘാടനം ചെയ്തു. ഇ.വി.സുരേശൻ, പി.വി.സജീവൻ, ടി.അംബരീഷ്, എം.വി.മുത്തുരാജ്, വി.ബി.കുബേരൻ, എ.കെ.ബിന്ദു, കെ.വി.മെസ്മർ, എം.വി.നാരായണൻ സംസാരിച്ചു.

ആരോഗ്യ കേന്ദ്രത്തിൽ ഒഴിവ്

തളിപ്പറമ്പ: ഒടുവള്ളിത്തട്ട് സാമൂഹിക ആരോഗ്യ കേന്ദ്രത്തിൽ ഒരു ഡോക്ടറുടെയും ഒരു ഫാർമസിസ്റ്റിനെയും താൽക്കാലിക അടിസ്ഥാനത്തിൽ നിയമിക്കുവാൻ ഉദേശിക്കുന്നു. താൽപ്പര്യമുള്ള ഉദ്യോഗാർത്ഥികൾ ബയോഡാറ്റ, യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ പകർപ്പുകൾ, ഫോൺ നമ്പർ എന്നിവ ഉൾപ്പെടെ സെക്രട്ടറി തളിപ്പറമ്പ് ബ്ലോക്ക് പഞ്ചായത്ത് കരിമ്പം (പി.ഒ), പിൻ- 670142 എന്ന വിലാസത്തിൽ അയച്ചുതരേണ്ടതാണ്. അപേക്ഷ ലഭിക്കേണ്ട അവസാന തീയതി 13.

പയ്യന്നൂർ നെൽവയൽ തണ്ണീർത്തട സമരം; കലക്ട്രേറ്റ് ധർണ്ണ നാളെ

പയ്യന്നൂർ: പയ്യന്നൂർ കണ്ടങ്കാളി-പുഞ്ചക്കാട് റെയിൽവെ ഗേറ്റ് മുതൽ കുഞ്ഞിമംഗലം ചങ്കൂരിച്ചാൽ പാലം വരെ റെയിലിനോട് ചേർന്ന് 130 ഏക്കർ നെൽവയലും തണ്ണീർത്തടവും നികത്തി വൻകിട എണ്ണ സംഭരണശാല സ്ഥാപിക്കാനുള്ള നീക്കത്തിനെതിരെ നെൽവയൽ-തണ്ണീർത്തട സംരക്ഷണ സമിതി നാളെ രാവിലെ 10.30ന് കലക്ട്രേറ്റ് പടിക്കൽ ധർണ്ണ നടത്തും. കീഴാറ്റൂർ വയൽ സമരനായിക എൻ.ജാനകി അമ്മ ധർണ്ണ ഉദ്ഘാടനം ചെയ്യും. പരിസ്ഥിതി-സാമൂഹിക-സാംസ്കാരിക രംഗങ്ങളിലെ പ്രമുഖർ സംബന്ധിക്കും.

വായനാ മൽസരം

കണ്ണൂർ: ലൈബ്രറി കൗൺസിൽ സംഘടിപ്പിച്ച ഹൈസ്കൂൾ വിദ്യാർത്ഥികളുടെ വായനാ മൽസരം ജില്ലാതലത്തിൽ കരിവെള്ളൂർ എ.വി. സ്മാരക ഹയർസെക്കണ്ടറി സ്കൂളിലെ ആർ.എൻ. രാഹുൽ ഒന്നാംസ്ഥാനം നേടി. മൊകേരി രാജീവ്ഗാന്ധി സ്മാരക ഹയർസെക്കണ്ടറി സ്കൂളിലെ കെ. സ്നിഗ്ധ രണ്ടാം സ്ഥാനവും പിണറായി എ.കെ.ജി. മെമ്മോറിയൽ ഹയർസെക്കണ്ടറി സ്കൂളിലെ കൃഷ്ണ സാരംഗ് മൂന്നാംസ്ഥാനവും നേടി.

ശുചീകരണം

ആലക്കോട്: ഒറ്റത്തൈ പി.പി. നഗർ ഗാന്ധിജി സ്വാശ്രയ സംഘം ആഭിമുഖ്യത്തിൽ ഗാന്ധിജയന്തി ആഘോഷത്തിന്റെ ഭാഗമായി പി.പി. നഗറും പരിസരങ്ങളും ശുചീകരിച്ചു. പഞ്ചായത്ത് മെമ്പർ ജോസ് അള്ളുംപുറം ഉദ്ഘാടനം ചെയ്തു. സുരേന്ദ്രൻ വരിക്കമാക്കൽ, പി.സി. രാജു നേതൃത്വം നൽകി.

ഗാന്ധി ജയന്തി
ദിനാചരണം

ഒറ്റത്തൈ പി.പി. നഗർ ഗാന്ധിജി സ്വാശ്രയ സംഘം നടത്തിയ ശുചീകരണം പഞ്ചായത്ത് മെമ്പർ ജോസ് അള്ളുംപുറം ഉദ്ഘാടനം ചെയ്യുന്നു.

എസ്.വൈ.എസ്. വിരുന്ന് 15ന്

തളിപ്പറമ്പ: നവമ്പർ അഞ്ചിന് കാഞ്ഞിരങ്ങാട്, നെല്ലിപ്പറമ്പ് എസ്.വൈ.എസ് യൂണിറ്റ് സമ്മേളനത്തിന്റെ ഭാഗമായി വിരുന്ന് 15ന് വണ്ണാരപ്പാറ അൽഹുദാ സുന്നി മദ്രസയിൽ നടക്കും. ടി. അബ്ദുറശീദ് നഈമി വിഷയാവതരണം നടത്തും പി.കെ. ഇസഹാഖ് അമാനി, സി.പി. ഹംസ ഹാജി, കെ.വി. അബ്ദുള്ള, കെ.കെ. ഇർഷാദ് ഇർഫാനി, എം.കെ. സുഹൈൽ പ്രസംഗിക്കും.

നോട്ടീസ്

2006 മാർച്ചിലെ 124535 രജിസ്റ്റർ നമ്പറിലുള്ള എന്റെ എസ്.എസ്.എൽ.സി ബുക്ക് വീണ്ടെടുക്കാൻ പറ്റാത്തവിധത്തിൽ കൈമോശം വന്ന വിവരം ഇതിനാൽ അറിയിക്കുന്നു. പ്രസ്തുത ബുക്കിന്റെ ഡ്യൂപ്ലിക്കേറ്റ് പകർപ്പിനായി പരീക്ഷാ കമ്മീഷണറുടെ സെക്രട്ടറി മുമ്പാകെ നിയമാനുസരണമുള്ള അപേക്ഷ നൽകുന്നതിന് തീരുമാനിച്ചിരിക്കുന്നു. ഇതിൻമേൽ ആക്ഷേപമുള്ളവർ ഈ പരസ്യം വന്ന് 15 ദിവസത്തിനകം സെക്രട്ടറി, ബോർഡ് ഓഫ് എക്സാമിനേഷൻസ്, പരീക്ഷാഭവൻ, പൂജപ്പുര, തിരുവനന്തപുരം എന്ന വിലാസത്തിൽ രേഖാമൂലം പരാതി നൽകേണ്ടതാണ്.

മനീഷ. സി.വി.
D/o. എം.എസ്.മണി
തൃച്ചംബരം, തളിപ്പറമ്പ, കണ്ണൂർ – 670141